സർവ്വീസ് കണക്ഷൻ ചാർജ്ജും (കാറ്റഗറി അനുസരിച്ച് വ്യത്യാസപ്പെട്ടിരിക്കും) അനുബന്ധം 1 ആന്റ് 1A കാണുക).

(സി) ആപ്ലിക്കേഷൻ ഫീസിലും, കാഷ് ഡെപ്പോസിറ്റിലും ഇപ്പോൾ മാറ്റം വരുത്തിയിട്ടില്ല. ഇപ്പോൾ അടയ്ക്കേണ്ട സർവ്വീസ് കണക്ഷൻ ചാർജ്ജ് അനുബന്ധം-1A-ൽ കാണുക.

134 (3317) അധിക നിക്ഷേപം

ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ സഹകരണ സ്ഥാപനങ്ങളിൽ എത്ര രൂപയുടെ അധിക നിക്ഷേപം ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ അധിക നിക്ഷേപം എന്തെങ്കിലും ജനക്ഷേമ പ്രവർത്തനങ്ങൾക്കു വേണ്ടി ഇപ്പോൾ വിനിയോഗിക്കുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ സഹകരണസ്ഥാപനങ്ങളുടെ അധിക നിക്ഷേപം സംസ്ഥാനത്തെ കാർഷിക, വിപണന, ഉൽപ്പാദന, തൊഴിൽ മേഖലകളിൽ ഉപയോഗപ്പെടുത്താൻ പദ്ധതി ആവിഷ്കരിക്കുമോ?

ഉത്തരം

(എ) സഹകരണസ്ഥാപനങ്ങളിൽ 31.3.99ൽ ഏകദേശം 400.29 കോടി രൂപ അധിക നിക്ഷേപമുണ്ടെന്ന് കണക്കാക്കുന്നു.

(ബി) അധികനിക്ഷേപം ജനക്ഷേമകരമായ പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നു.

(സി) ഈ ആവശ്യങ്ങൾക്കെല്ലാംതന്നെ ഇപ്പോൾ സഹകരണ ബാങ്കുകൾ വഴി വായ്പ നൽകി വരുന്നുണ്ട്. കൂടാതെ പശ്ചാത്തല വികസന സൗകര്യങ്ങൾക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സഹകരണബാങ്കുകൾ കൺസോർഷ്യം വ്യവസ്ഥയിൽ വായ്പ നൽകുന്ന ഒരു പദ്ധതിയും തയ്യാറാക്കി വരുന്നുണ്ട്.

135 (3318) ലോകബാങ്കിന്റെ സഹായത്തോടുകൂടി സഹകരണ സംഘങ്ങളുടെ സംഭരണശേഷി വർദ്ധിപ്പിക്കാൻ പദ്ധതി

ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോകബാങ്കിന്റെ സഹായത്തോടുകൂടി സഹകരണസംഘങ്ങളുടെ സംഭരണശേഷി വർദ്ധിപ്പിക്കുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് വിശദമാക്കുമോ;

(സി) സഹകരണസംഘങ്ങളിലെ ജീവനക്കാർക്ക് പരിശീലനം നൽകുന്നതിനുള്ള ട്രെയിനിംഗ് സെന്ററിന്റെ പണി പൂർത്തികരിച്ച് അതിന്റെ പ്രവർത്തനം ആരംഭിക്കുവാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly